മേയ് മാസങ്ങളിലായി വിത്തുതേങ്ങ സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള തുകയും തുടർന്നുള്ള/അടുത്ത സാമ്പത്തിക വർഷത്തിൽ അതാത് പദ്ധതികൾക്കായി അനുവദിച്ച തുകയിൽ നിന്നും കർഷകർക്ക് വിതരണം ചെയ്യുന്ന രീതിയാണ് തുടർന്ന് വരുന്നത്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

റബ്ബർ വിലത്തകർച്ച

164 (1533) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വിലത്തകർച്ചയിൽനിന്നും റബ്ബർ കർഷകരെ രക്ഷിക്കാൻ ആവിഷ്കരിച്ച നടപടികളെല്ലാം പരാജയപ്പെട്ടുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നിലപാട് വ്യക്തമാക്കാമോ ;

(ബി) റബ്ബർ കർഷകരെ രക്ഷിക്കാനായി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചു എന്ന് വിശദമാക്കാമോ ;

(സി) ചെലവഴിച്ച തുകയുടെ പ്രയോജനം റബ്ബർ കർഷകർക്കല്ല മറിച്ച് ടയർ കമ്പനികൾക്കും വ്യവസായികൾക്കുമാണ് ലഭിച്ചത് എന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുസംബന്ധിച്ച് അഭിപ്രായം വ്യക്തമാക്കാമോ ?

ഉത്തരം

(എ) റബ്ബർ കർഷകരെ രക്ഷിക്കാൻ ആവിഷ്കരിച്ച നടപടികൾ പരാജയപ്പെട്ടിട്ടില്ല. വിപണിയിൽ റബ്ബറിന്റെ വില ഒരു പരിധിവരെ പിടിച്ചു നിർത്താൻ റബ്ബർ സംഭരണ നടപടികൾ സഹായകരമായിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷം കൃഷി വകുപ്പിന്റെ വില സ്ഥിരതയ്ക്കു വേണ്ടി വിപണി ഇടപെടൽ പദ്ധതിപ്രകാരം ആകെ 12 കോടി രൂപയാണ് റബ്ബർ സംഭരണത്തിനായി സംഭരണ ഏജൻസികൾക്ക് അനുവദിച്ചു നൽകിയിട്ടുള്ളത്. അതു പ്രകാരം 6 കോടി രൂപ വീതമാണ് മാർക്കറ്റ് ഫെഡിനും റബ്ബർ മാർക്കിനും അനുവദിച്ചിട്ടുള്ളത്.

852/2017.

LIBRARY ARCHIVES Kerala Legislative Assembly

റബ്ബർ കർഷകരെ രക്ഷിക്കാനായി റബ്ബർ സംഭരണവുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പിന് 5 കോടി രൂപയും റബ്ബർ സംഭരണ കൈകാര്യ ചെലവിനത്തിൽ 2 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. റബ്ബർമാർക്കിന് അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. മാർക്കറ്റ് ഫെഡിന് അനുവദിച്ച 2.5 കോടി രൂപയിൽ 33,49,627 രൂപ ചെലവഴിച്ചിട്ടുണ്ട്. കൈകാര്യ ചെലവുകൾക്കായി റബ്ബർമാർക്കിന് 59,75,591 രൂപയും മാർക്കറ്റ് ഫെഡിന് 28,87,173 രൂപയും ഉൾപ്പെടെ 88,62,764 രൂപ നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

റബ്ബർ വിലത്തകർച്ച

165 (1534) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

റബ്ബർ വിലത്തകർച്ച നേരിടുന്നതിനും റബ്ബർ കർഷകരെ സഹായിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

റബ്ബർ വിലയിടിവുമൂലം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിനും സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ 56/2014/കൃഷി തീയതി, 25-2-2014 പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ് ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്. ഒന്നാം ഘട്ട റബ്ബർ സംഭരണത്തിൽ സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ കൈകാര്യച്ചെലവ് അനുവദിക്കുന്നതിനായി സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യത പരമാവധി 6 കോടി രൂപയിൽ പരിമിതപ്പെടുത്തിക്കൊണ്ട് കൃഷി, സഹകരണ വകുപ്പുകൾ 2:1 എന്ന അനുപാതത്തിൽ തുക കണ്ടെത്തുകയും, കൃഷി വകുപ്പിന്റെ വിഹിതമായ 4 കോടി രൂപ, വില സ്ഥിരതക്കുവേണ്ടി വിപണി ഇടപെടൽ എന്ന ശീർഷകത്തിൽ നിന്നും 2013-14-ൽ തന്നെ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 2 രൂപ കൂടുതൽ നൽകി RSS-4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ സ.ഉ(എംഎസ്.)നമ്പർ 232/2014/കൃഷി. തീയതി, 13-10-2014 പ്രകാരം RSS-5 ഗ്രേഡിലുള്ള റബ്ബറും കർഷകരിൽനിന്നും സംഭരണം നടത്തുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly